വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി പത്രമാധ്യമങ്ങളിൽ പരസ്യം നൽകുകയും ഇത്തരത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഉപയോഗിച്ച് സ്വകാര്യ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് നിയന്ത്രിക്കുന്നതിനായി കേരള പേപ്പർ ലോട്ടറിസ് (റെഗുലേഷൻ) റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 28-1-2011-ന് G.O.(P) No.142/11/TD ആയി സർക്കാർ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് സഹായം

202(1459) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് സഹായം നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സഹായം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തികസഹായം എപ്പോൾ നൽകാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ടെക്സ്ഫെഡിനു കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി NCDC സഹായത്തോടെ നടത്തുന്ന പദ്ധതിക്കുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചിരുന്നു.

(സി&ഡി) ടെക്സ്ഫെഡിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് 2009-10-ലെ ബഡ്ജറ്റിൽ അനുവദിച്ച 3 കോടി രൂപയിൽ 1.5 കോടി രൂപ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണ പ്രർത്തനങ്ങൾക്കായി ടെക്സ്ഫെഡിന് വ്യവസായ വകുപ്പിൽ നിന്ന് 21-8-2009-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നമ്പർ 1110/2009/വ്യവ.ഉത്തരവുവഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം

203(1460) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി 31 വരെ സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിൽ എത്ര ശതമാനം ചെലവഴിക്കാനായി എന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിച്ചെലവിൽ 2011 ജനുവരി മാസത്തിൽ എത്ര ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത് :

(സി) ശേഷിക്കുന്ന സമയപരിധിക്കുള്ളിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ :

(ഡി) ഈ കാലയളവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ യഥാക്രമം എത്ര ശതമാനം വീതമാണ് പദ്ധതി വിഹിതം ചെലവഴിച്ചത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) വകുപ്പുതല പ്രാഥമിക കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ 2010 ഡിസംബർ 31 വരെ വിവിധ വകുപ്പുകൾ പദ്ധതി അടങ്കലിന്റെ 43 ശതമാനം ചെലവഴിച്ചിട്ടുണ്ട്.2011 ജനുവരി 31 വരെയുള്ള കണക്ക് ലഭ്യമായിട്ടില്ല.

(ബി) 2011 ജനുവരി മാസത്തിലെ പദ്ധതി ചെലവ് സംബന്ധിച്ചുള്ള കണക്ക് ലഭ്യമായിട്ടില്ല.

(സി) ശേഷിക്കുന്ന സമയപരിധിക്കുള്ളിൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭൂരിഭാഗവും പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ട്.

(ഡി) വകുപ്പുതല പ്രാഥമിക കണക്കനുസരിച്ച് 2010 ഡിസംബർ 31 വരെയുള്ള ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പദ്ധതി വിഹിത വിനിയോഗം താഴെ പറയും പ്രകാരമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	വിനിയോഗിച്ച തുക (ശതമാനത്തിൽ)
ഗ്രാമ പഞ്ചായത്തുകൾ	40
ബ്ലോക്ക് പഞ്ചായത്തുകൾ	43
ജില്ലാ പഞ്ചായത്തുകൾ	34
മുനിസിപ്പാലിറ്റികൾ	43
നഗരസഭകൾ	29

ശമ്പള പരിഷ്കരണ കമ്മീഷന്റെ ഘടന

204(1481) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പളപരിഷ്കരണ കമ്മീഷൻ നിലവിൽവന്നതെന്ന്; ഇതിലെ അംഗങ്ങൾ ആരെല്ലാം ;

(ബി) 2011 ജനുവരി 31 വരെ കമ്മീഷന്റെ ആകെ ചെലവ് എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly